ICDS/B2-4601/2020(2)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 07..03..2022
ഇ-മെയിൽ : wcdicdsb2@gmail.com
ഫോൺ നം: 0471-2346534

## പരിപത്രം.

വിഷയം: വനിത ശിശുവികസന വകുപ്പ് – ഡയറക്ടറേറ്റ് – ഐസിഡിഎസ് - സംസ്ഥാന അവാർഡ് – 2020-21- ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:
1. സ.ഉ.(സാധാ) നം.17/2021/വശിവിവ, തീയതി. 06.09.2021
2. സ.ഉ.(സാധാ) നം.65/2021/വശിവിവ, തീയതി. 12.10.2021
3. വനിത ശിശുവികസന ഡയറക്ടറുടെ 04.03.2022 തീയതിയിലെ ICDS/B2-4601/2020. നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് ഐസിഡിഎസ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് അങ്കണവാടി മുഖേനെ നൽകുന്ന സേവനങ്ങൾ പൂർണ്ണമായി ജനങ്ങളിൽ എത്തിക്കുന്നതിനായി സ്തുത്യർഹ്യമായ സേവനം കാഴ്ച വച്ച സംസ്ഥാനത്തെ 37അങ്കണവാടി വർക്കർമാർ, 37 അങ്കണവാടിഹെൽപ്പർമാർ, 14 സൂപ്പർവൈസർമാർ, ഒരു ശിശുവികസന പദ്ധതി ഓഫീസർ, ഒരു പ്രോഗ്രാം ഓഫീസർ , ഒരു ജില്ലാ കളക്ടർ എന്നിവർക്കും മികച്ച 14 അങ്കണവാടികൾക്കും എല്ലാ വർഷവും സംസ്ഥാന അവാർഡ് നൽകി ആദരിച്ച് വരുന്നു.

2019-20 വർഷത്തിൽ ഐസിഡിഎസ് മേഖലയിൽ മികച്ച സേവനം കാഴ്ചവെച്ചവർക്കുള്ള അവാർഡ് വിതരണം (ഐസിഡിഎസ് അവാർഡ് 2020-21) 2022 മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവാർഡ് ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് സൂചന (3) പ്രകാരം എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക **11.03.22** തീയതിയ്ക്കകം തന്നെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ അവാർഡ് ജേതാക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

MS/22

പ്രസ്തുത സമയ പരിധിയ്ക്കുള്ളിൽ തന്നെ തുക എല്ലാം കൈമാറിയിട്ടുണ്ട് എന്ന് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ഉറപ്പാക്കേണ്ടതും ജില്ലാതലത്തിലുള്ള സ്റ്റാറ്റസ് **21.03.2022 തീയതി ഉച്ചയ്ക്ക് 3** മണിക്ക് മുമ്പ് wcdicdsb2@gmail.com എന്നതിലേയ്ക്ക് ഇമെയിൽ ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി**

MS/22